**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4435

27.6.2013 ൽ
മറുപടിയ്ക്ക്

## മാവേലി സ്റ്റോർ - വില വിവര പട്ടിക

**ചോദ്യം**

ശ്രീ. വി.എസ്. സുനിൽ കുമാർ :
ശ്രീ. വി.ശശി :
ശ്രീ. കെ. രാജു :
ശ്രീ. കെ.അജിത് :

മാവേലി സ്റ്റോറുകൾവഴി എത്ര യിനം സാധനങ്ങൾ ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട് ; ഈ സാധനങ്ങളുടെ വിലവിവരം പരസ്യപ്പെടുത്തി ഉപഭോക്താക്കളെ അറിയിച്ചിരുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ അത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പു മന്ത്രി)

നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ മാവേലി /സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റു വരുന്നു. അവ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | വില കി.ഗ്രാമിന് (രൂപ) |
|---|---|---|
| 1 | ചെറുപയർ | 49.00 |
| 2 | ഉഴുന്ന് (ബോൾ) | 36.00 |
| 3 | വൻകടല | 44.00 |
| 4 | വൻപയർ | 26.50 |
| 5 | തുവരപരിപ്പ് | 34.00 |
| 6 | മുളക് | 45.00 |
| 7 | മല്ലി | 45.90 |
| 8 | പഞ്ചസാര | 25.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 19.00 |
| 11 | മട്ട അരി | 16.00 |
| 12 | പച്ചരി സോർട്ടക്സ് | 16.00 |
| 13 | വെളിച്ചെണ്ണ | 62.00 |

കൂടാതെ മറ്റ് ഭക്ഷ്യധാന്യങ്ങളും പയർ വർഗ്ഗങ്ങൾ മുതലായവ വാങ്ങൽ വിലയിൽ നിന്നും ചെറിയ ഒരു ശതമാനം മാർജിൻ ഈടാക്കി ഫ്രീസെയിൽ നിരക്കിൽ പൊതുവിപണിയേക്കാൾ വളരെ വില കുറച്ച് വിതരണം നടത്തുന്നു. ഒ.എം.എസ്.എസ്.പ്രകാരം പുഴുക്കലരി 19.50 രൂപ, പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്തു വരുന്നു. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു. അരിയും പല വ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി സാധനങ്ങൾ എം.ആർ.പി യേക്കാളും ശരാശരി 10-30% വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു.

തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം. വാളൻപുളി, ഏലം എന്നിവ ശബരി എന്ന പേരിൽ പൊതുവിപണിയിലേതിനെക്കാൾ 20% വരെ വിലക്കുറവിൽ വിൽപ്പന നടത്തിവരുന്നു. സപ്ലൈകോയുടെ വില നിലവാരം ഇപ്പോൾ പത്രങ്ങളിൽ പരസ്യം ചെയ്യുന്നുണ്ട്. 2013 ഏപ്രിൽ മാസത്തെ വില നിലവാരം ആ മാസത്തിൽ വിഷു ഫെയറിനൊപ്പവും ജൂൺ മാസത്തെ വിലനിലവാരം ജൂൺ 1 നും പരസ്യപ്പെടുത്തിയിട്ടുള്ളതാകുന്നു.

Beena

സെക്ഷൻ ഓഫീസർ